# കേരള സർവകലാശാല

നം. പി.ആർ.058/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എസ്സി പ്രാക്ടിക്കൽ

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ ബി.എസ്സി ബോട്ടണി & ബയോടെക്നോളജി (247), ബി.എസ്സി ബയോടെക്നോളജി (മൾട്ടിമേജർ – 350) കോഴ്സുകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ മേയ് രണ്ടിന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എൽ വൈവ

കേരള സർവകലാശാല ആറാം സെമസ്റ്റർ എം.ബി.എൽ വൈവ പാളയം സെനറ്റ് ഹൗസ് കാമ്പസിലെ ഫാക്കൽറ്റി ഗസ്റ്റ് ഹൗസിൽ ഏപ്രിൽ 29 രാവിലെ 10 മണിക്ക് നടത്തും.

## ബി.സി.എ പ്രാക്ടിക്കൽ/പ്രോജക്ട് & വൈവ

കേരള സർവകലാശാല കരിയർ റിലേറ്റഡ് ആറാം സെമസ്റ്റർ ബി.സി.എ കോഴ്സിന്റെ പ്രാക്ടിക്കൽ/പ്രോജക്ട് & വൈവ പരീക്ഷകൾ മേയ് 10–ന് തുടങ്ങും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## കൗൺസലിംഗ് സൈക്കോളജി പരീക്ഷ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ജൂൺ മൂന്നിന് തുടങ്ങുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് അഞ്ച് (50 രൂപ പിഴയോടെ മേയ് ഏഴ്, 250 രൂപ പിഴയോടെ മേയ് 10) വരെ അപേക്ഷിക്കാം. സി.എ.സി.ഇ.ഇ, കൊല്ലം ടി.കെ.എം കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രങ്ങളായിരിക്കും. ടൈംടേബിൾ പരീക്ഷാകേന്ദ്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ഡിപ്ലോമ ഇൻ മാജിക്കൽ ആർട്സ് : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രവും മാജിക് അക്കാദമിയും സംയുക്തമായി നടത്തുന്ന ഡിപ്ലോമ ഇൻ മാജിക്കൽ ആർട്ട് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. കേരള സർവകലാശാലയുടെ സർട്ടിഫിക്കറ്റ് ഇൻ മാജിക്കൽ ആർട്ട് കോഴ്സ് ജയിച്ചവർക്കോ അല്ലെങ്കിൽ ഒരു വർഷം മാജിക് രംഗത്ത് പ്രവൃത്തിപരിചയമുള്ളവർക്കോ അപേക്ഷിക്കാം. കോഴ്സ് കാലാവധി ആറ് മാസം. കുറഞ്ഞ പ്രായപരിധി 18 വയസ്സ്. സർവകലാശാല നേരിട്ട് നടത്തുന്ന എഴുത്തുപരീക്ഷയും പ്രായോഗിക പരീക്ഷയും വൈവയുമാണ് മാജിക് കോഴ്സിന്റെ മൂല്യനിർണ്ണയത്തിനായി ഉപയോഗപ്പെടുത്തിയിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് പൂജപ്പുരയിലെ മാജിക് അക്കാദമിയിലോ കേരള സർവകലാശാല തുടർവിദ്യാഭ്യാസ

വ്യാപനകേന്ദ്രവുമായോ ബന്ധപ്പെടുക. ഫോൺ. 0471–2358910, 9447768535, 2302523.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
21.04.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**